"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീമതി.പ്രഭ പി.വി.യ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.517/2024/TAXES തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-
1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 16.03.2023 ലെ SLTY/1239/2023-E8 നമ്പർ നടപടി തീർപ്പ്
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 27.03.2024 ലെ SLTY/1243/2024-E2 നമ്പർ കത്ത്
3. 11.04.2024 ലെ സ.ഉ(സാധാ)നം.329/2024/നികുതി നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.എസ്. രാജേഷ് കുമാറിന് 08.03.2023 മുതൽ 30.11.2023 വരെ ശൂന്യ വേതന അവധിയും അർദ്ധ വേതന അവധിയും അനുവദിച്ചതിനെത്തുടർന്ന് പ്രസ്തുത ഓഫീസിലെ അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീമതി.പ്രഭ പി.വി യ്ക്ക് പൂർണ്ണ അധിക ചുമതല നല്കിയ പരാമർശം (1) പ്രകാരമുള്ള നടപടി സാധൂകരിച്ച് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഇടുക്കി അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീമതി.പ്രഭ പി.വി യ്ക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ പൂർണ്ണ അധിക ചുമതല നല്കിയ നടപടി സാധൂകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടിയാരിയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം 1, ചട്ടങ്ങൾ 53(b) (2) [as amended vide G.O(P)No.88/2017/Fin dated 11.07.2017], 53A II(c), 53(c) എന്നിവ പ്രകാരം ശ്രീമതി.പ്രഭ.പി.വി യ്ക്ക് അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 16.03.2023 (ചാർജ്ജ് ക്രമീകരണ ഉത്തരവ് തീയതി) മുതൽ പരമാവധി 3 മാസകാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/115/2024-TAXES)

ഉത്തരവിൻ പ്രകാരം

**Signed by Babu. G**
**Date: 11-06-2024 12:26:12**

സെക്ഷൻ ഓഫീസർ